NITI Aayog | AIM ATAL INNOVATION MISSION | AMRITA VISHWA VIDYAPEETHAM | Indian Institute of Information Technology Kottayam | IEEE

समग्र शिक्षा केरल
Samagra Shiksha Kerala
സമഗ്ര ശിക്ഷാ കേരളം

# സൃഷ്ടി

## കേരള സ്റ്റേറ്റ് ഹാക്കത്തോൺ

## 2025




**സമ്മാനങ്ങളും സമ്മാനക്കിറ്റുകളും ഉൾപ്പെടെ**

# ₹2,50,000/-*

**വരെ സമ്മാനങ്ങൾ നേടാനുള്ള അവസരം!**

* അവസാന ഘട്ടത്തിലേക്ക് യോഗ്യത നേടുന്ന 42 ടീമുകൾക്ക്
₹5000 വിലമതിക്കുന്ന ഹാർഡ്‌വെയർ കിറ്റുകൾ ലഭിക്കും!

**2-ാം സ്ഥാനം കരസ്ഥമാക്കുന്ന ടീമിന്**
**₹15,000**
മെഡൽ + സർട്ടിഫിക്കറ്റ്

**വിജയികൾക്ക്**
**₹25,000**
ട്രോഫി + സർട്ടിഫിക്കറ്റ്

**3-ാം സ്ഥാനം കരസ്ഥമാക്കുന്ന ടീമിന്**
**₹10,000**
മെഡൽ + സർട്ടിഫിക്കറ്റ്

*നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമാണ്

NITI Aayog | ATAL INNOVATION MISSION | AMRITA VISHWA VIDYAPEETHAM | Indian Institute of Information Technology Kottayam | IEEE | समग्र शिक्षा केरल Samagra Shiksha Kerala സമഗ്ര ശിക്ഷാ കേരളം

# ഹാൻഡ്ബുക്ക് സൃഷ്ടി 2025




## ആശയത്തിൽ നിന്നും യാഥാർത്ഥ്യത്തിലേക്ക്

സൃഷ്ടി - യിൽ പങ്കെടുക്കുന്ന
ഓരോരുത്തർക്കും ഒരു മാർഗ്ഗദർശി



GYAAN INNOVATION LAB INDIAN INSTITUTE OF INFORMATION TECHNOLOGY KOTTAYAM | INSTITUTION'S INNOVATION COUNCIL (Ministry of HRD Initiative) | ammachi labs

Powered by IEEE TRYEngineering | IEEE SIGHT SPECIAL INTEREST GROUP ON HUMANITARIAN TECHNOLOGY | IEEE SSIT SOCIETY ON SOCIAL IMPLICATIONS OF TECHNOLOGY Kerala Chapter | IEEE Signal Processing Society Kerala Chapter | PRONETIN™

തീയതി **ജൂലൈ 30, 2025** പതിപ്പ് **ജൂലൈ 2025 പതിപ്പ്**

# സൃഷ്ടി 2025- ഹാൻഡ്ബുക്കിനെ കുറിച്ച്



## ഹാൻഡ്ബുക്കിന്റെ ഉദ്ദേശ്യം

സൃഷ്ടി 2025 – കേരള സംസ്ഥാന ഹാക്കത്തോൺ എന്ന പരിപാടിയെക്കുറിച്ചും, അതിന്റെ ഘടന, പ്രതീക്ഷകൾ, എന്നിവ മനസ്സിലാക്കി ഈ അവസരം എങ്ങനെ പരമാവധി ഉപയോഗപ്പെടുത്താമെന്ന് ഈ ഹാൻഡ്ബുക്കിൽ വിശദീകരിച്ചിരിക്കുന്നു. കൂടാതെ പരിപാടിയുടെ രജിസ്ട്രേഷൻ, ടൈംലൈൻ, പ്രശ്ന പ്രസ്താവനകൾ, ആശയങ്ങൾ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദേശങ്ങൾ, ഇവ വിലയിരുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ, ഹാക്കത്തോൺ ദിനത്തിലെ പരിപാടികളുടെ വിശദാംശങ്ങൾ തുടങ്ങി മുഴുവൻ വിവരങ്ങളും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## ടൈംലൈൻ

| ഘട്ടം | പ്രവർത്തനം | തീയതി |
|---|---|---|
| | രജിസ്ട്രേഷൻ ആരംഭം | ജൂലൈ 16, 2025 |
| | രജിസ്ട്രേഷൻ അവസാനിക്കുന്ന തീയതി | ഓഗസ്റ്റ് 10, 2025 |
| ഘട്ടം 1 | പ്രോട്ടോടൈപ്പ് സമർപ്പണ അവസാന തീയതി | ഓഗസ്റ്റ് 10, 2025 |
| ഘട്ടം 2 | ഷോർട്ട് ലിസ്റ്റ് ചെയ്ത ടീമുകളുടെ പ്രഖ്യാപനം | ഓഗസ്റ്റ് 18, 2025 |
| ഘട്ടം 3 | ഓഫ്‌ലൈൻ മേക്കത്തോൺ | സെപ്റ്റംബർ 14, 2025 |

## യോഗ്യത

- **ക്ലാസ്:** കേരളത്തിലെ സ്കൂളുകളിൽ പഠിക്കുന്ന 6 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികൾ
- **ടീമിന്റെ അംഗസംഖ്യ:** 2 മുതൽ 3 പേർ വരെ
- **രജിസ്ട്രേഷൻ ഫീസ്:** സൗജന്യം!



# 01
# പ്രശ്ന പ്രസ്താവനകൾ

**ഇനിപ്പറയുന്ന SDG കളെ അടിസ്ഥാനമാക്കിയുള്ള വെല്ലുവിളികളിൽ നിന്നും തിരഞ്ഞെടുക്കുക.**

# SDG 3
## നല്ല ആരോഗ്യവും ക്ഷേമവും

1. സ്കൂളുകളിൽ വിദ്യാർത്ഥികളെ നിശ്ചിത സമയക്രമത്തിൽ വെള്ളം കുടിക്കാൻ പ്രോത്സാഹിപ്പിക്കുന്ന, ലളിതവും, ആകർഷകവുമായ ഒരു പരിഹാരം രൂപകൽപ്പന ചെയ്യുക.
2. പ്രായമായവർക്ക് ദൈനംദിന ജീവിതം എളുപ്പമോ, സുരക്ഷിതമോ, ആസ്വാദ്യകരമോ ആക്കുന്നതിനുള്ള ഒരു മാർഗം കണ്ടെത്തുക.
3. ആർത്തവ ആരോഗ്യ അവബോധം പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു പരിഹാരം രൂപകൽപ്പന ചെയ്യുക.

# SDG 4
## ഗുണനിലവാരമുള്ള വിദ്യാഭ്യാസം

1. ഇന്റർനെറ്റിന്റെ അഭാവം മൂലം വിദ്യാഭ്യാസത്തിനു ആവിശ്യമായ ഉള്ളടക്കം ലഭിക്കാത്ത ഗ്രാമീണ, വിദൂര സമൂഹങ്ങൾക്ക് ഒരു പരിഹാരം കണ്ടെത്തുക.
2. ഭിന്നശേഷിക്കാർക്ക് ഡിജിറ്റൽ ഉള്ളടക്കം ആക്സസ് ചെയ്യാനുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ ശ്രമിക്കുക.
3. രാജ്യത്തിന്റെയോ ലോകത്തിന്റെയോ വിവിധ ഭാഗങ്ങളിലുള്ള വിദ്യാർത്ഥികൾക്കും അധ്യാപകർക്കും അവരുടെ ക്ലാസ് മുറിയിലെ അനുഭവങ്ങൾ പങ്കിടുവാനും പരസ്പരം പഠിക്കുവാനും ഒരു മാർഗം സൃഷ്ടിക്കുക.

# SDG 9
## വ്യവസായം, നവീകരണം, അടിസ്ഥാന സൗകര്യങ്ങൾ

1. കനത്ത മഴയിൽ വെള്ളം കയറുന്ന നിങ്ങളുടെ പ്രദേശത്തെ തെരുവുകളും, സുരക്ഷിതമായി പോകാൻ കഴിയുന്ന സ്ഥലങ്ങളും തത്സമയം കാണിക്കുക.
2. വിദൂരപ്രദേശങ്ങളിലെ അവസാന ഘട്ട വിതരണത്തിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുക.
3. മുതിർന്നവരും രോഗികളും കിടക്കയിൽ നിന്നും രാത്രിയിൽ എഴുന്നേൽക്കുന്നത് കണ്ടെത്തുന്നതിനും, പരിചാരകരെ അറിയിക്കുന്നതിനും, മുറിയുടെ സുരക്ഷ മെച്ചപ്പെടുത്തുന്നതിനുമുള്ള ഒരു സ്മാർട്ട് മാർഗം സൃഷ്ടിക്കുക.

# SDG 11
## സുസ്ഥിര നഗരങ്ങളും സമൂഹങ്ങളും

1. അന്ധരോ കാഴ്ച വൈകല്യമുള്ളവരോ ആയ ആളുകളെ, ബസുകളോ മറ്റ് പൊതുഗതാഗത സംവിധാനങ്ങളോ, സുരക്ഷിതമായും സ്വതന്ത്രമായും ഉപയോഗിക്കാൻ സഹായിക്കുക.
2. നഗരങ്ങളിൽ താമസിക്കുന്ന ആളുകളെ കൃഷിയിടങ്ങളിലെയോ ഗ്രാമങ്ങളിലെയോ ജീവിതത്തെക്കുറിച്ച് പഠിക്കാനും അവ അനുഭവിക്കാനും സഹായിക്കുന്നതിന് ഒരു നൂതനമായ മാർഗം കണ്ടെത്തുക.
3. അടുക്കളയിൽ പാചകവാതക ചോർച്ചയുണ്ടായാൽ ആളുകളെ സുരക്ഷിതരായിരിക്കാൻ സഹായിക്കുന്നതിനുള്ള ഒരു മാർഗം സൃഷ്ടിക്കുക.

# 02

# വിധിനിർണ്ണയ മാനദണ്ഡങ്ങളും സമർപ്പണ രീതികളും



# വിധിനിർണ്ണയ മാനദണ്ഡങ്ങൾ

| മാനദണ്ഡം | വിവരണം | വെയിറ്റേജ് |
|---|---|---|
| നൂതനാശയവും സർഗ്ഗാത്മകതയും | ഈ ആശയം പുതുമയുള്ളതും, അതുല്യവും, അസാധാരണവുമാണോ? | 30% |
| സ്വാധീന സാധ്യത | ഈ ആശയം എത്രത്തോളം ഫലപ്രദമായി ജീവിതങ്ങളെ മെച്ചപ്പെടുത്തും അല്ലെങ്കിൽ പ്രശ്നം പരിഹരിക്കും? | 25% |
| അവതരണവും വ്യക്തതയും | ആശയം നന്നായി പങ്കുവെച്ചോ? വ്യക്തമായ ഡോക്യുമെന്റേഷനോ ഡെമോയോ ഉണ്ടായിരുന്നോ? | 15% |
| ടീം സഹകരണം | ടീം ഒത്തൊരുമയോടെ പ്രവർത്തിക്കുകയും, ജോലികൾ പങ്കിടുകയും, ഒരുമിച്ച് പ്രശ്നപരിഹാരത്തിൽ ഏർപ്പെടുകയും ചെയ്തോ? | 10% |

# പ്രോട്ടോടൈപ്പ് സമർപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

- **അവസാന തീയതി**: ഓഗസ്റ്റ് 10, 2025
- **ഫോർമാറ്റ്:** പ്രശ്ന പ്രസ്താവന, ആശയത്തിലെ വ്യത്യാസം, കമ്മ്യൂണിറ്റി ഫീഡ്ബാക്ക്, മെന്റർഷിപ്പ് എന്നിവ വിവരിക്കുന്ന 3-5 മിനിറ്റ് വീഡിയോ + 1 പേജ് എഴുത്ത്.
- **ഭാഷ**: മലയാളം അല്ലെങ്കിൽ ഇംഗ്ലീഷ്
- **സമർപ്പിക്കുന്നതിനുള്ള ലിങ്ക്:** രജിസ്ട്രേഷൻ കഴിഞ്ഞ് ഇമെയിൽ വഴി ലഭിക്കും

മുകളിൽ കാണുന്ന QR കോഡ് സ്കാൻ ചെയ്ത് രജിസ്റ്റർ ചെയ്യുക



# ഓഫ്‌ലൈൻ മേക്കത്തോണിന്റെ വിവരങ്ങൾ

- **തീയതി:** സെപ്റ്റംബർ 14, 2025
- **സ്ഥലം:** കൊച്ചി
- **സൗകര്യങ്ങൾ:** ഹാർഡ്‌വെയർ/ഇലക്ട്രോണിക്സ് കിറ്റുകൾ, ടിങ്കറിങ് കിറ്റ്, Wi-Fi, വേർക്ക്സ്പേസ്
- **കൊണ്ടുവരേണ്ടത്:** ലാപ്ടോപ്പും ചാർജറും
- നിർമ്മാണ ഘട്ടത്തിൽ അധ്യാപകരോ മെന്റർമാരോ നിർബന്ധമായും ടീമുകളോടൊപ്പം ഉണ്ടായിരിക്കണം.

# 03

# സമ്മാനങ്ങളും പെരുമാറ്റച്ചട്ടവും



# സമ്മാനങ്ങൾ

| സ്ഥാനം | സമ്മാനം |
|---|---|
| ഒന്നാം സ്ഥാനം | ₹25,000 + ട്രോഫി + സർട്ടിഫിക്കറ്റ് |
| രണ്ടാം സ്ഥാനം | ₹15,000 + മെഡൽ + സർട്ടിഫിക്കറ്റ് |
| മൂന്നാം സ്ഥാനം | ₹10,000 + മെഡൽ + സർട്ടിഫിക്കറ്റ് |

**ഫൈനലിസ്റ്റുകളായ 42 ടീമുകൾക്കും ₹5000 വിലയുള്ള ഹാർഡ്‌വെയർ/ഇലക്ട്രോണിക്സ് കിറ്റ് + സർട്ടിഫിക്കറ്റുകൾ ലഭിക്കും.**

# പെരുമാറ്റച്ചട്ടം

- ഉപദേഷ്ടാക്കളോടും ജൂറിയോടും സഹപാഠികളോടും പരസ്പര ബഹുമാനത്തോടെ പെരുമാറുക
- നിങ്ങളുടെ ടീമിനുള്ളിൽ ന്യായമായ രീതിയിൽ സഹകരിക്കുക
- നിങ്ങളുടെ ആശയങ്ങൾ യഥാർത്ഥമായിരിക്കണം — പകർപ്പവകാശലംഘനം പാടില്ല.
- മത്സരത്തിന്റെ സമയക്രമങ്ങളും ധാർമ്മിക രീതികളും പാലിക്കുക

# സമർപ്പണങ്ങളുടെ പ്രധാന വശങ്ങൾ

- പ്രശ്ന പ്രസ്താവനകൾ: ആശയങ്ങളും പ്രോട്ടോടൈപ്പുകളും മത്സരത്തിന്റെ വിഷയവുമായി ബന്ധപ്പെട്ട നിർദ്ദിഷ്ട പ്രശ്ന പ്രസ്താവനകളെയാണ് അഭിസംബോധന ചെയ്യേണ്ടത്.
- നൂതനാശയങ്ങൾ: പരിഹാരങ്ങൾ നൂതനവും പ്രായോഗിക സമീപനം പ്രകടിപ്പിക്കുന്നതുമായിരിക്കണം.
- കമ്മ്യൂണിറ്റി ഫീഡ്ബാക്ക്: പ്രോട്ടോടൈപ്പ് രൂപകൽപ്പനയിൽ കമ്മ്യൂണിറ്റി ഫീഡ്ബാക്ക് ഉൾപ്പെടുത്തുന്നത് പ്രോത്സാഹിപ്പിക്കപ്പെടുന്നു.
- മെന്റർഷിപ്പ്: മെന്റർമാരുടെ പങ്ക്, സാമൂഹിക/വ്യവസായ പിന്തുണ എന്നിവ എടുത്തുപറയേണ്ടതാണ്.

# 04

# പതിവുചോദ്യങ്ങൾ (FAQs)





| | |
|---|---|
| **രജിസ്ട്രേഷൻ ഫീസ് ഉണ്ടോ?** | ❌ ഇല്ല. ഈ പരുപാടിയിൽ പങ്കെടുക്കുന്നത് പൂർണമായും സൗജന്യമാണ്. |
| **മലയാളത്തിൽ സമർപ്പിക്കാമോ?** | ✅സമർപ്പിക്കാം. സമർപ്പിക്കുന്നതിന് മലയാളമോ ഇംഗ്ലീഷോ ഭാഷ ഉപയോഗിക്കാം. |
| **ടെക് മുൻപരിചയം ആവശ്യമാണോ?** | ❌ ഇല്ല. സൃഷ്ടിമനോഭാവം ആണ് പ്രധാന്യം. |
| **ഒരു സ്കൂളിൽ നിന്നും ഒന്നിലധികം ടീം പറ്റുമോ?** | ✅അതെ, പക്ഷേ ഓരോ ടീമിലും 2–3 വിദ്യാർത്ഥികൾ മാത്രം. |
| **ഫൈനലിനുള്ള യാത്രയും, ഭക്ഷണവും, താമസവും നൽകുമോ?** | നിശ്ചിത മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ഭക്ഷണവും യാത്രയും നൽകും. താമസം വഹിക്കേണ്ടത് പങ്കെടുക്കുന്ന ടീമുകളാണ്. |
| **വ്യത്യസ്ത സ്കൂളിൽ നിന്നുള്ളവർ ചേർന്ന് ടീം രൂപീകരിക്കാമോ?** | ❌ ഇല്ല, ഒരേ സ്കൂളിലെ വിദ്യാർത്ഥികളായിരിക്കണം ഒരു ടീം രൂപീകരിക്കേണ്ടത്. |
| **സമർപ്പണ ലിങ്ക് എപ്പോൾ കിട്ടും?** | സമർപ്പണ ലിങ്ക് രജിസ്ട്രേഷൻ കഴിഞ്ഞ് ഇമെയിൽ വഴി ലഭിക്കും. |
| **ടീച്ചർ ഫൈനലിൽ കൂടെ വരണോ?** | ✅അതെ, ഫൈനൽ മത്സരത്തിന് വിദ്യാർത്ഥികളോടൊപ്പം ഒരു ടീച്ചർ ഉണ്ടായിരിക്കേണ്ടത് നിർബന്ധമാണ്. |



# നന്ദി!

സൃഷ്ടി 2025 ഇന്റെ ഭാഗം ആയതിനു നന്ദി!

നവീകരണത്തിലേക്കും, നൂതന ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിലേക്കും ഉള്ള ഈ യാത്രയിൽ നിങ്ങളെയും കൂടെ കൂട്ടുന്നതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്.

സൃഷ്ടി വെറുമൊരു ഹാക്കത്തോൺ എന്നതിലുപരി - സർഗ്ഗാത്മകതയുടെയും, സഹകരണത്തിന്റെയും, മികച്ച ഭാവി രൂപപ്പെടുത്തുന്നതിനുള്ള യുവ മനസ്സുകളുടെ ശക്തിയുടെയും ഒരു ആഘോഷമാണ്.

എപ്പോഴും കൂടുതൽ അറിയുവാൻ ഉള്ള ആഗ്രഹത്തോടെ ഇരിക്കുക, പ്രചോദനത്തോടെ മുന്നോടിപ്പോവുക. ഏറ്റവും പ്രധാനമായി – അർത്ഥവത്തായ ഒരു സൃഷ്ടി നിർമ്മിക്കുന്നതിൽ ആനന്ദം കണ്ടെത്തുക.

ഏറ്റവും പുതിയ അപ്ഡേറ്റുകൾക്കായി നിങ്ങളുടെ ഇന്‌ബോക്സിലും ഞങ്ങളുടെ സോഷ്യൽ മീഡിയ ചാനലിലും ശ്രദ്ധ പുലർത്തൂ!

എല്ലാവർക്കും ആശംസകൾ നേരുന്നു

- സൃഷ്ടി 2025 സംഘാടകർ

## ബന്ധപ്പെടാനുള്ള വിവരങ്ങൾ

**വെബ്സൈറ്റ്:** https://srishti.pronetin.com

**ഇമെയിൽ:** srishti2025@pronetin.com

**വാട്സാപ്പ് ചാനൽ:** https://tinyurl.com/wcrjuw9a

**സ്ഥലം:** കൊച്ചി